# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുമ്പമണ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ 230/2021 തീയതി 09.04.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/04/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുമ്പമണ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-15,1-17 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ 230/2021 തീയതി തീയ്യതി: 09/04/2021
09.04.2021

## പത്തനംതിട്ട ജില്ലയിലെ തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ | 23-02-2021 | 27-02-2021 |
| | | 03-03-2021 | 05-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-02-2021 | 27-02-2021 |
| 03-03-2021 | 05-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ.എൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരികുമാർ.എസ്സ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .സഖറിയ വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.അൻസാരി എസ്. | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീമതി ബിന്ദു സി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 09-07-2019 |
| ശ്രീമതി ആർ ശ്രീലേഖ | സെക്രട്ടറി | 10-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അനുപമ കെ. | വെറ്ററിനറി സർജൻ | 01-04-2019 | 02-05-2019 |
| ഡോ.അനിത ജി. | വെറ്ററിനറി സർജൻ | 03-05-2019 | 29-10-2019 |
| ഡോ.അനുപമ കെ. | വെറ്ററിനറി സർജൻ | 30-10-2019 | 03-12-2019 |
| ഡോ.സുജ ആർ. | വെറ്ററിനറി സർജൻ | 04-12-2019 | 14-12-2019 |
| ഡോ.ജിജി ജഗന്നാഥൻ | വെറ്ററിനറി സർജൻ | 14-12-2019 | 31-03-2020 |
| ശ്രീമതി.ലത വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പുഷ്പ എസ്. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീകല | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.മഞ്ജു ജി.എൽ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ധന്യ കെ. | വി.ഇ.ഒ.മുട്ടം സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീ.നിസാമുദ്ദീൻ | വി.ഇ.ഒ.വിജയപുരം സർക്കിൾ | 01-04-2019 | 08-07-2019 |
| ശ്രീ.ബിജു പിള്ള ജെ. | വി.ഇ.ഒ.വിജയപുരം സർക്കിൾ | 09-07-2019 | 31-03-2020 |
| ശ്രീ.മോഹൻകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 29-04-2019 |

| | | | |
|---|---|---|---|
| ശ്രീ.ബികാസ് ജി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 30-04-2019 | 31-03-2020 |
| ശ്രീമതി.ചന്ദ്രലേഖ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രാജശ്രീ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayaprabha P (Asst. Audit Officer, On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 06-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jayaprabha P (Asst. Audit Officer, On 08-04-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 06-03-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Harikumar.S (Auditor, On 05-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 06-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-10 |
| 13 | എൽ.പി, യു.പി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം-പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 05-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-11 |
| 14 | സംയുക്ത പദ്ധതികളുടെ നിർവ്വഹണം-കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നില്ല<br>Written By: Arun P B (Senior Grade Auditor, On 05-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-12 |
| 15 | ഔട്ട് ഡോർ കളക്ഷൻ രസീതുകൾ പോസ്റ്റ് ചെയ്തതിൽ ഇരട്ടിപ്പ്- പഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Harikumar.S (Auditor, On 05-03-2021)<br>Last Updated By: Harikumar.S (Auditor, On 08-04-2021) | 1-13 |
| 16 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചു - തുടർ | 1-14 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾ ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 05-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | |
| 17 | യഥാർത്ഥ ഔട്ട് ഡോർ കളക്ഷൻ തുകയ്ക്ക് പകരം ഡിമാന്റ് തുക മാത്രം സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നു<br>Written By: Harikumar.S (Auditor, On 05-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 1-15 |
| 18 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല<br>Written By: Jayaprabha P (Asst. Audit Officer, On 06-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 09-04-2021) | 1-16 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല<br>Written By: Jayaprabha P (Asst. Audit Officer, On 06-03-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 08-04-2021) | 1-17 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Harikumar.S (Auditor, On 05-03-2021)<br>Last Updated By: N Pradeep Kumar (Audit Officer (HG), On 06-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: Harikumar.S (Auditor, On 06-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harikumar.S (Auditor, On 06-03-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-04-2021) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്.

ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 20-02-19 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08.2.2020 ലെ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 27.05.2020 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

I.ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1.Employees Liabilities - Pension Contribution Payable- 325469 രൂപ

2.Recoveris Payable - Other Recoveries From Employees - 8218 രൂപ

3.Government And Other Dues Payable - Service Tax- 423644 രൂപ

4.Government And Other Dues Payable - Others - 13478 രൂപ

II.ഷെഡ്യൂൾ I-4(B)

1.Other Fees- 589179 - തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

2.Restoration Charge For Road Cutting- 8090- തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

III.ദുരിതാശ്വാസ നിധി- B17 ഷെഡ്യൂൾ- പലിശ വരവ് ഉൾപ്പെടുത്തിയില്ല.

### 1-2-2 വാർഷിക ധനകാര്യ പത്രികയിലെ തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിലെ ചുവടെ ചേർക്കുന്ന തുകകൾ സാംഖ്യാ സോഫ്റ്റ്വെയറും സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വരവ് |
|---|---|---|
| വസ്തു നികുതി - Residential Building(തൻവർഷം) | 1191832 | 1190815 |
| വസ്തു നികുതി -Non Residential Building (തൻവർഷം) | 699474 | 722916 |
| വസ്തു നികുതി - Residential Building(കുടിശ്ശിക) | 44232 | 42920 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6501876 |
| വരവ് | 30810097 |
| ആകെ | 37311973 |
| ചെലവ് | 33692732 |
| നീക്കിയിരിപ്പ് | 3619241 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | കുടിശ്ശികയായ ബില്ലുകളുടെ തുക | ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 6210392 | 6210392 | 5441536* | 666857 | 101999 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5233000 | 5233000 | 4540778 | 579102 | 113120 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2985736 | 2985736 | 1686019 | 268302 | 1417717 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5043000 | 5043000 | 2969146 | 2021441 | 947705 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 3251000 | 0 | 0 | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | | | |
| വിമുക്തി | 11193 | 0 | 11193 | 0 | | 11193 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 972015 | 0 | 972015 | 504331 | | 467684 | |
| റ്റി.എസ്സ്.സി | 590324 | 0 | 590324 | 450016 | | 140308 | |
| ലൈബ്രറി ഗ്രാന്റ് | 0 | 28050 | 28050 | 0 | | 28050 | |
| സാക്ഷരത | 0 | 184 | 184 | 0 | | 184 | |
| ശുചിത്വ മിഷൻ | 5145 | 18000 | 23145 | 0 | | 23145 | |
| കേരളോത്സവം | 0 | 20000 | 20000 | 0 | | 20000 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | | | |
| എം.ജി.എൻ.ആർ.ജി.എസ് | 147894.50 | 7665244 | 7813138.50 | 7812973.50 | | 165 | |
| റ്റി.എസ്സ്.സി-കേന്ദ്രാവിഷ്കൃതം | 420000 | 0 | 420000 | 0 | | 420000 | |
| ഐ.സി.ഡി.എസ്. | 44514 | 229983 | 274497 | 102860 | | 171637 | |
| പൈക്ക | 130000 | 0 | 130000 | 0 | | 130000 | |
| മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ | | | | | | | |
| ഹെൽത്ത് ഇൻഷ്വറൻസ് | 43362 | 0 | 43362 | 0 | | 43362 | |
| നിർമ്മൽ പുരസ്കാരം | 60793 | 0 | 60793 | 0 | | 60793 | |
| മത്സ്യ ക്ലബ്ബ് | 21665 | | 21665 | | | 21665 | |
| ആശ്രയ | 90000 | 0 | 90000 | 0 | | 90000 | |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 115124 | 115124 | 0 | | 115124 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 138 | 33161322 | 111 | 21958709 | 27 | 80.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണചെലവുകൾ | 147894 | 582557 | 730451 | 730286 | 165 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 7445231 | 7445231 | 7445231 | --- |

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ ക്ഷേമപദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 16 | 27120 |
| കർഷകത്തൊഴിലാളി പെൻഷൻ | 82 | 501600 |
| വിധവാ പെൻഷൻ | 354 | 1987200 |
| വാർദ്ധക്യകാല പെൻഷൻ | 868 | 4756500 |
| വികലാംഗ പെൻഷൻ | 84 | 494600 |
| വിവാഹ ധനസഹായം | 15 | 90000 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 82200 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2021, 11.30 AM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5803 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. വാർഷിക പദ്ധതികൾക്ക് വകയിരുത്തുന്ന തുക പരമാവധി ചെലവാക്കുന്നതിനും ശരിയായ രീതിയിൽ പദ്ധതി ആസൂത്രണം നടത്തുന്നതിനും അധികൃതർ ശ്രദ്ധിക്കുന്നുണ്ട്. നികുതി, നികുതിയേതര വരുമാനം പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ്, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ തൃപ്തികരമാണ്. മുഴക്കോട്ട്ചാൽ ഇക്കോട്യൂറിസം പദ്ധതി ഒരു നൂതന പ്രോജക്ട് എന്ന നിലയിൽ ആവിഷ്കരിച്ച് വരുന്നത് ശ്രദ്ധേയമാണ്.

എന്നാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന സാമൂഹിക, പാരിസ്ഥിതിക സാഹചര്യം അല്ല ഗ്രാമപ്പഞ്ചായത്തിന് ഉള്ളത്. തനത് ഫണ്ട് നീക്കിയിരിപ്പ് ആശാവഹമല്ലാത്തതിനാൽ

ഭരണച്ചെലവുകൾക്ക് പോലും ബുദ്ധിമുട്ട് നേരിടുന്ന സ്ഥിതി ഉണ്ട്. പരിഹാര നടപടികൾക്കായി ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

സ്ഥാപനത്തിന്റെ 01.04.08 മുതൽ 31.03.2011 വരെ കാലയളവിലെ കണക്കുകളിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

**1-11 എൽ.പി, യു.പി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം-പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല**

ഗവ.എൽ.പി.എസ്സ്. മുട്ടം, ഗവ.യു.പി.എസ്സ്. ഉമ്പമൺ എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 65,000 രൂപ പൊതുവിഭാഗം വികസനഫണ്ടും 2,50,000 രൂപ പ്രത്യേക ഘടകപദ്ധതി ഫണ്ടും ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത് (നം. SO 65/20). നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സ് നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. നേരിട്ടുള്ള നിർവ്വഹണം ആയതിനാൽ, ഭക്ഷണം, പാചകക്കൂലി എന്നീ ഇനങ്ങളിലായി ഒരു കുട്ടിക്ക് പ്രതിദിനം പരമാവധി എത്ര തുക ചെലവഴിക്കാം എന്നത് സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങൾ ഒന്നുംതന്നെ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ല. ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 35 രൂപയിൽ അധികരിക്കാത്ത തുക പ്രതിദിനം ചെലവഴിക്കുന്നതിന് അനുവദിക്കണമെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ അപേക്ഷ പരിഗണിച്ച് 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു (26.07.2018-ലെ I(10) നമ്പർതീരുമാനം). ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് വർഷവും പദ്ധതി നടപ്പിലാക്കിയത് എന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/03.03.21) മറുപടി ലഭ്യമാക്കിയത്. ഭക്ഷണം, പാചകക്കൂലി എന്നീ ഇനങ്ങളിലായി ഒരു കുട്ടിക്ക് പ്രതിദിനം പരമാവധി എത്രതുക ചെലവഴിക്കാമെന്നതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഒന്നുംതന്നെ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥ പരമാവധി തുക ശുപാർശ ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. മാത്രമല്ല, നേരിട്ട് നിർവ്വഹണം നടത്തുമ്പോൾ, ഓപ്പൺ മാർക്കറ്റിൽ നിന്ന് ഭക്ഷ്യ സാധനങ്ങൾ സമാഹരിക്കുന്നതിലും, ട്രഷറി വഴി ചെലവ് തുക മാറി നൽകുന്നതിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ, ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് സേവന ദാതാവിനെ കണ്ടെത്തി, അവരുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതോ, റണ്ണിംഗ് കോൺട്രാക്ട് സംവിധാനം വഴി പദ്ധതി നടപ്പിലാക്കുന്നതോ ആണ് ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിന് ഉചിതമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വരും വർഷങ്ങളിൽ പ്രഭാത ഭക്ഷണ പദ്ധതി നടപ്പിലാക്കുമ്പോൾ നിർവ്വഹണ രീതി സംബന്ധിച്ച ഓഡിറ്റ് ശുപാർശ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയ്ക്കായി സമർപ്പിക്കുന്നു.

**1-12 സംയുക്ത പദ്ധതികളുടെ നിർവ്വഹണം-കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നില്ല**

വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, സംയുക്ത പദ്ധതികളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുൻപ് ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ICDS സൂപ്പർവൈസർ, ഡയറി ഫാം ഇൻസ്ട്രക്ടർ, മെഡിക്കൽ ഓഫീസർ (PHC) എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെപ്പറയുന്ന സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിന് മുന്നോടിയായി ഇതിൽ പങ്കാളികളായ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ വിവരം | പങ്കാളിയായ സ്ഥാപനം, ചെലവ് തുക |
|---|---|---|
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | ബ്ലോക്ക് |

| | | |
|---|---|---|
| | SO 63/20 | പഞ്ചായത്ത്-3,00,000<br>ജില്ലാ<br>പഞ്ചായത്ത്-1,20,000 |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (SCP)<br>SO 76/20 | ബ്ലോക്ക്<br>പഞ്ചായത്ത്-1,00,000 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, SO 79/20 | ജില്ലാ<br>പഞ്ചായത്ത്-1,93,900 |
| 4 | അനുപൂരക പോഷകാഹാര പദ്ധതി, SO 73/20 | ജില്ലാ<br>പഞ്ചായത്ത്-18,629 |
| 5 | സാന്ത്വന പരിചരണ പദ്ധതി, SO 69/20 | ബ്ലോക്ക്<br>പഞ്ചായത്ത്-2,00,000<br>ജില്ലാ<br>പഞ്ചായത്ത്-1,00,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/05.03.21), ബ്ലോക്ക് പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്നും ജില്ലാ പഞ്ചായത്തുമായി എഗ്രിമെന്റ് വയ്ക്കുന്നതിനായി എഗ്രിമെന്റ് എഴുതി തയ്യാറാക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും നാളിതുവരെ എഗ്രിമെന്റിൽ ഒപ്പിട്ട് തിരികെ നൽകിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ, സംയുക്ത പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പങ്കാളികളായ മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി യഥാസമയം കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ഔട്ട് ഡോർ കളക്ഷൻ രസീതുകൾ പോസ്റ്റ് ചെയ്തതിൽ ഇരട്ടിപ്പ്- പഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷന് ഉപയോഗിച്ച 31328-ാം നമ്പർ രസീത് ബുക്കിലെ 91 മുതൽ 96 വരെയുള്ള രസീതുകൾ രണ്ട് തവണ സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. 1 മുതൽ 5 വരെയുള്ള രസീതുകൾ പോസ്റ്റ് ചെയ്തതിനു ശേഷം പിന്നീടുള്ള രസീതുകൾക്ക് ബുക്ക് നമ്പർ 1328 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപ്രകാരം 100 വരെ രസീതുകൾ ചേർത്തതിനു ശേഷം പി.ഡി.ഇ. എൻട്രി വഴി 31328(91) മുതൽ 31328(96) വരെയുള്ള രസീതുകൾ വീണ്ടും പോസ്റ്റ് ചെയ്തിട്ടുണ്ട്. ആദ്യം ചേർത്ത രസീതുകൾക്ക് യഥാർത്ഥ കളക്ഷൻ തുകയും പി.ഡി.ഇ. എൻട്രി വഴി ചേർത്തവയ്ക്ക് ഡിമാന്റ് തുകയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻമൂലം രണ്ടാമത് ചേർത്ത തുക സഞ്ചയയിൽ അഡ്വാൻസായി രേഖപ്പെടുത്തുകയും അവ 2020-21-ലെ വസ്തു നികുതിയായി ക്രമീകരിക്കപ്പെടുകയും ചെയ്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഡിമാന്റ് തുക | ഔട്ട് ഡോർ കളക്ഷൻ രസീത് നം. | കളക്ഷൻതുക | അഡ്വാൻസ് തുക (2020-21) | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തുക | 2020-21 അഡ്വാൻസായി സഞ്ചയയിൽ ക്രമീകരിക്കപ്പെട്ട തുക | വരുമാന നഷ്ടം (2020-21) |
|---|---|---|---|---|---|---|---|
| 11/141 | 467 | 31328(91) | 471 | 4 | 471+467=938 | 471 | 463 (467-4) |
| 11/207 | 1185 | 92 | 1210 | 25 | 1210+1185=2395 | 1210 | 1160 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (1185-25) |
| 11/123 | 1398 | 93 | 1411 | 13 | 1411+1398=2809 | 1411 | 1385 (1398-13) |
| 11/124 | 712 | 94 | 719 | 7 | 719+712=1431 | 719 | 705 (712-7) |
| 11/115 | 68 | 95 | 73 | 5 | 73+68=141 | 73 | 63 (68-5) |
| 11/85 | 786 | 96 | 793 | 7 | 793+786=1579 | 793 | 779 (786-7) |
| ആകെ | | | | | | | 4555 |

രസീതുകൾ പോസ്റ്റ് ചെയ്തതിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/27.02.2021) മറുപടിയായി അപാകതകൾ അടിയിന്തിരമായി പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇരട്ടിപ്പ് വന്ന പോസ്റ്റിംഗുകൾ അടിയന്തിരമായി ഒഴിവാക്കി, ടി. കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും 2020-21-ലെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. രസീതുകളുടെ പോസ്റ്റിംഗിലെ കൃത്യത ഉറപ്പു വരുത്താൻ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്

## 1-14 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചു - തുടർ പ്രവർത്തനങ്ങൾ ഇല്ല

ജൈവ മാലിന്യ സംസ്കരണത്തിന് തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ പദ്ധതി (SO136/19) അംഗീകാരം വാങ്ങിയിരുന്നു. രണ്ട് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ ഫണ്ട് ഇനത്തിൽ4 ലക്ഷം രൂപ ആണ് അടങ്കൽ വകയിരുത്തിയിരുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നിർമ്മാണ പ്രവൃത്തി ചെയ്യുന്നതിനാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. ബിൻ, ഷെഡ് എന്നിവ അടങ്ങുന്ന ഒരു യൂണിറ്റിന് 2 ലക്ഷം രൂപ എന്ന ക്രമത്തിൽ തയ്യാറാക്കിയ 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 1.2.2019 ൽ ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കിയതിനെത്തുടർന്ന്, പദ്ധതിക്ക് 8.3.2019 ൽ നിർമ്മിതി കേന്ദ്രവുമായി കരാറിൽ ഏർപ്പെട്ടശേഷം പ്രസ്തുത സ്ഥാപനത്തിന് 26.3.2019 ൽ അഡ്വാൻസായി 80000 രൂപ നൽകുകയുണ്ടായി. (ചെക്ക് നമ്പർ 1672462 / 26.3.2019)

പഞ്ചായത്ത് ഭരണസമിതിയുടെ 30.9.2019 ലെ 1(1) നമ്പർ ആയുള്ള തീരുമാനം അനുസരിച്ച്, 5-ാം വാർഡിൽ മാമ്പിലാലി അംഗൻവാടിക്ക് സമീപം, ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് തുമ്പൂർമൂഴി മോഡൽ ഒരു എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച്, ആയതിന്റെ ഫൈനൽ ബിൽ നിർമ്മിതി കേന്ദ്രം 28.11.2019 ൽ ഗ്രാമപ്പഞ്ചായത്തിന് സമർപ്പിക്കുകയുണ്ടായി (പ്രോജക്ട് നമ്പർ SO114/20). ഫൈനൽ ബിൽ പ്രകാരം പ്രവൃത്തിമൂല്യമായ 2 ലക്ഷം രൂപയിൽ നൽകേണ്ട ബാക്കി തുക 120000 രൂപ 30.1.2020 ലെ ബിൽ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള അപാകങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പദ്ധതിയ്ക്ക് ശുചിത്വമിഷന്റെ എക്സിക്യൂട്ടിവ് ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് 1.2.2019 ൽ 4888/C6/2012/SM നമ്പർ ആയി നൽകിയ കത്ത് മുഖേന ആണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്. നിർമ്മിതി കേന്ദ്രത്തിന് മാലിന്യ സംസ്കരണ മേഖലയിൽ അക്രഡിറ്റേഷൻ ഇല്ലാത്തതിനാൽ

പ്രോജക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രവൃത്തി നടപ്പാക്കേണ്ടതാണ് എന്ന് സാങ്കേതികാനുമതി നൽകിക്കൊണ്ടുള്ള പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ച് പദ്ധതിക്ക് ഭേദഗതി വരുത്തുകയോ മാലിന്യ സംസ്കരണ മേഖലയിൽ അക്രിഡിറ്റേഷൻ ഉള്ള ഏജൻസിയെ തെരഞ്ഞടുത്ത് പ്രവൃത്തി നടപ്പാക്കുകയോ ചെയ്തില്ല.

2. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകേണ്ടതും അനുയോജ്യമായ ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനം പ്രോത്സാഹിപ്പിക്കേണ്ടതുമാണ് എന്നും സ്ഥാപിക്കപ്പെടുന്ന കമ്പോസ്റ്റ് സംവിധാനത്തിന്റെ ദൈനംദിന പരിപാലനം സർക്കാർ അംഗീകൃത സേവന ദാതാക്കൾ മുഖാന്തിരമോ ഹരിത കർമ്മസേനാംഗങ്ങളെ ഉപയോഗപ്പെടുത്തിയോ നടത്തേണ്ടതാണെന്നും ഉള്ള നിബന്ധനയ്ക്ക് വിധേയമായാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളതെന്ന് പ്രസ്തുത കത്തിൽ ശുചിത്വമിഷൻ എക്സി. ഡയറക്ടർ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് ഉറവിട മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുന്നതിനോ, സ്ഥാപിച്ച യൂണിറ്റിലൂടെ കമ്പോസ്റ്റ് ഉണ്ടാക്കി ഉപയോഗിക്കുന്നതിനോ യാതൊരു നടപടികളും സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

3. സ്ഥാപിക്കപ്പെട്ട എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമം ആണോ എന്നത് സംബന്ധിച്ച് ശുചിത്വമിഷന്റെ സാങ്കേതിക വിഭാഗത്തിൽ നിന്നും മോണിറ്ററിംഗ് റിപ്പോർട്ട് വാങ്ങിയില്ല.

അപാകങ്ങൾ സംബന്ധിച്ച് 03.03.21-ൽ 4-ാം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പരിപാലിക്കുന്നതിന് അതിന് സമീപത്ത് പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ നടത്തിപ്പുകാരായ 'രുചി' കഫേ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാണ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി നൽകിയത്. ടി. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ക്ഷമതയുള്ള ഹരിതസേനാംഗങ്ങളെ കണ്ടെത്തി എയ്റോബിക്ക് കമ്പോസ്റ്റ് യൂണിറ്റിന്റെ തുടർ പ്രവർത്തനം യാഥാർത്ഥ്യമാക്കേണ്ടതാണ്.

## 1-15 യഥാർത്ഥ ഔട്ട് ഡോർ കളക്ഷൻ തുകയ്ക്ക് പകരം ഡിമാന്റ് തുക മാത്രം സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്നു

ഗ്രാമ പഞ്ചായത്തിൽ ഔട്ട് ഡോർ കളക്ഷൻ വഴി ലഭിക്കുന്ന തുകകളും സഞ്ചയയിൽ പോസ്റ്റ് ചെയ്യുന്ന തുകകളും തമ്മിൽ വ്യത്യാസം കാണുന്നു. ഔട്ട് ഡോർ കളക്ഷൻ വഴി ഡിമാന്റ് തുകയിൽ കൂടുതൽ തുക പിരിച്ചെടുക്കുകയും സഞ്ചയയിൽ ഡിമാന്റ് തുക മാത്രം പോസ്റ്റ് ചെയ്യുകയുമാണ് ചെയ്തുവരുന്നത്. കെട്ടിട ഉടമകളിൽ നിന്നും പിരിച്ചെടുക്കുന്ന തുകകൾ അതേ പോലെ സഞ്ചയയിൽ വരവ് വെക്കാത്തതു മൂലം കെട്ടിട ഉടമകൾക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം. | കളക്ട് ചെയ്ത തുക | യഥാർത്ഥ ഡിമാന്റ് തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തുക | ഡിമാന്റ് തുകയിൽ അധികമായി പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 31328(1) | 909 | 895 | 895 | 14 |
| 2 | 2120 | 2096 | 2096 | 24 |
| 3 | 571 | 560 | 560 | 11 |
| 4 | 2162 | 2137 | 2137 | 25 |
| 5 | 650 | 644 | 644 | 6 |
| 6 | 612 | 597 | 597 | 15 |
| 31326(1) | 263 | 259 | 259 | 4 |
| 2 | 36 | 35 | 35 | 1 |
| 7 | 643 | 635 | 635 | 8 |
| 16 | 1755 | 1732 | 1732 | 23 |
| | | | | |

| | | | | |
|---|---|---|---|---|
| 38 | 2218 | 2189 | 2189 | 29 |

കളക്ട് ചെയ്യുന്ന തുക അതേ പോലെ സഞ്ചയയിൽ പോസ്റ്റ് ചെയ്താൽ ഡിമാന്റ് കഴിഞ്ഞുള്ള തുക അടുത്ത വർഷത്തേക്കുള്ള അഡ്വാൻസായി സഞ്ചയയിൽ വരവ് വെക്കപ്പെടുന്നതും കെട്ടിട ഉടമകൾക്ക് ബാക്കി തുക ഒടുക്കിയാൽ മതിയാകുന്നതുമാണ്. മാത്രവുമല്ല ഇത്തരത്തിൽ പോസ്റ്റിംഗ് നടത്തുന്നത് സഞ്ചയയിലെയും സാംഖ്യയിലെയും വസ്തു നികുതി കള്കഷൻ തുകകൾ വ്യത്യാസപ്പെടാനും ഇടയാക്കും. രസീതുകൾ പോസ്റ്റ് ചെയ്തതിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നില്ല

പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നിലവിൽ 69563 രൂപയാണ് പ്രതിമാസം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത് . നിലവിൽ 159 ടാപ്പുകളാണ് പഞ്ചായത്തിലുള്ളത്.ഇവയെല്ലാം പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അവസാനമായി സംയുക്ത പരിശോധന നടത്തിയത് ഏത് തീയതിയിലാണെന്ന് വ്യക്തമല്ല(ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.11/05.03.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ). 25.11.2019 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് പത്തനംതിട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല.

2016-17 മുതൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പരിധിയിലുള്ള 500 വീടുകളിലെ കിണറുകൾ റീചാർജ് ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിന് കഴിയും. ഇത്തരം പദ്ധതികൾ കൂടുതൽ നടപ്പിലാക്കുന്നതു വഴി പൊതു ടാപ്പുകൾ ആവശ്യമില്ലാത്തയിടങ്ങളിൽ ടാപ്പുകൾ ഒഴിവാക്കുകയും തനതു വരുമാനം കുറവായ പഞ്ചായത്തിൽ തനതു ഫണ്ടിൽ നിന്നുള്ള അധികച്ചെലവ് ഒഴിവാക്കുന്നതിനും മറ്റ് അനിവാര്യ ചുമതലകൾക്ക് തുക ചെലവഴിക്കുന്നതിനും കഴിയും. ആയതിനാൽ പുതിയതായി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതുവഴി വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്സ്.ഇ.ബിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1. | 142/2020 | മുഴക്കോട്ട് ചാൽ ഇക്കോ ടൂറിസം ലൈൻ ഷിഫ്റ്റിംഗ് | കേരള വൈദ്യുത ബോർഡ് | 145000 |
| 2. | 181/2020 | ലൈൻ ഷിഫ്റ്റിംഗ് | കേരള വൈദ്യുത ബോർഡ് | 57240 |
| 3. | 102/2020 | തെരുവു വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | കേരള വൈദ്യുത ബോർഡ് | 253000 |
| 4. | 99/2017 | ജി.യു.പി.എസ്സ് പവലിയൻ വയറിംഗ് | കേരള വൈദ്യുത ബോർഡ് | 223000 |
| 5. | 47/2018 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കേരള വൈദ്യുത ബോർഡ് | 414853 |
| 6. | 102/2019 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കേരള വൈദ്യുത ബോർഡ് | 253000 |
| | | ആകെ | | 1123093 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസികളുടെ പക്കൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ മിച്ചം നിൽക്കുന്ന തുക അവരിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടക്കുന്നതിനോ, മറ്റ് വർക്കുകളിൽ ക്രമപ്പെടുത്തുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 04.03.2021 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പന്തളം | 2019-20 | 200000 | സ്നേഹ സാന്ത്വനം-സാന്ത്വന പരിചരണം പദ്ധതി | 200000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | സ്നേഹ സാന്ത്വനം-സാന്ത്വന പരിചരണം പദ്ധതി | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2019-20 | 18629 | അനുപൂരക പോഷഹാകാര പരിപാടി | 18629 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2019-20 | 193900 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 193900 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | മുഴക്കോട്ടുചാൽ ഇക്കോടൂറിസം പദ്ധതി | 1000000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 300000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2019-20 | 120000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 120000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.സി.) | 100000 | ഇല്ല |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 102/19-20 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | ബിൽ നമ്പർ 034359/23.05.2019 | 253000 | ० | 253000 |
| കെ.എസ്.ഇ.ബി. | 142/19-20 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | ചെക്ക് നം.110325/30.07.19 | 145000 | ० | 145000 |
| കെ.എസ്.ഇ.ബി. | 181/19-20 ലൈൻ ഷിഫ്റ്റിംഗ് | ബിൽ നമ്പർ 495276/13.03.2020 | 57240 | ० | 57240 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37311973 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33692732 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-254/99 തീയതി:11.08.00/ 03.10.00 | 25(2), 25(5) |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി:25.03.02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി:08.01.04/05.05.04 | 10(2) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി:16.09.06/05.02.07 | 2-3 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09 /20.01.09 | 3-3,3-4,3-13,3-14,3-5(6),3-6,3-7,3-8,3-9,3-10,3-11, 3-12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി4-466/09 തീയതി:08.09.09/ 09.08.10 | 3-2, 3-5, 3-8, 3-9, 3-10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി:28.08.11 | 3-5, 3-6, 3-8 മുതൽ 3-17 വരെ, 3-20 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി7-71/10 തീയതി:03.09.11 | 3-6, 3-7, 3-7,3- |

| | | |
|---|---|---|
| | | 8, 3-9, 3-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി:04.10.10 | 2-1, 3-4 മുതൽ 3-11 വരെ,3-13,3-14,3-15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി:16.08.11 | (3-9, 3-11, 3-13, 3-15, 3-16 ,3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി:06.11.11/04.12.12 | 2-1(ബി), 3-4, 3-8, 3-9,3-11 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി:15.03.12/24.04.12 | 3-2, 3-4, 3-6, 3-10(2)(3) |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി:08.04.14/10.11.14 | 3-2, 3-4, 3-6, 3-10(2)(3)(2-4, 3-2(2), 3-2(3), 3-2(4), 3-2(5), 3-2(6), 3-2(7), 3-4(1), 3-18 ) (2-2(3),2-3, 2-4, 3-2(2), 3-6, 3-9 ) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6- 421/15തീയതി:08.6.15 | 2-2(3), 2-3, 2-4, 3-2(2),3-6, 3-9 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി11848/16തീയതി:26.7.16 | (3-1, 3-8, 3-9, 4-2) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16തീയതി:09.12.16 | 2-1, 2-3, 2-5, 3-6, 3-7,3-8, 3-10, 4-1 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16തീയതി:09.12.16 | 1-3,2-1,2-2,2-3,2-4,3-4,3-5,3-9,3-11, 4-1,4-7,4-8 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ /പി11/1384/18തീയതി:24.10.2018 | 1-13,2-2,2-3,2-5,3-4,3-5,3-6,3-7,3-9,3-12,3-13,3-15,3-17,4-2,4-10,4-11 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.11/623/2019 തീയതി:16.08.2019 | 1-12,2-1,2-2,2-3,2-4,2-5,3-3,3-5,3-6,3-10,4-10,4-11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ തുമ്പമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്